ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) മലപ്പുറം ജില്ലയിലെ ഇടവണ്ണ, ഇടപ്പാൾ, മലപ്പുറം, കോട്ടയ്ക്കൽ എന്നീ ആരോഗ്യ കേന്ദ്രങ്ങളിൽ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട് ഓട്ടിസം ക്ലിനിക്കുകൾ ആഴ്ചയിൽ രണ്ടുദിവസം നടത്തിവരുന്നുണ്ട്. ജില്ലാ പഞ്ചായത്താണ് ഫണ്ടുകൾ നൽകുന്നത്. കൊല്ലം ഗവൺമെന്റ് വിക്ടോറിയ ആശുപത്രിയിലും ഓട്ടിസം ക്ലിനിക്ക് നടത്തിവരുന്നുണ്ട്. (ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ)

(ബി) ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, പഠനവൈകല്യങ്ങൾ കണ്ടെത്തി അതിനുള്ള ചികിത്സ, വേണമെങ്കിൽ കോഴിക്കോട് മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസുമായി ബന്ധപ്പെട്ടുള്ള ചികിത്സാ രീതികൾ നൽകിവരുന്നു. ചൈൽഡ് ഡെവലപ്പ്മെന്റ് സർവ്വീസ് കോഴിക്കോട് നിന്നും അസുഖം, ബുദ്ധിവൈകല്യം എന്നിവ കണ്ടെത്തി കുട്ടികൾക്കുള്ള തുടർ ചികിത്സയും നൽകി വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ-ഹെൽത്ത്

29 (*239) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(ബി) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് പ്രവർത്തനമാരംഭിച്ചുവോ ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ ; പദ്ധതി സംസ്ഥാനത്തിന് എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുമോ ;

(ഡി) പദ്ധതിയിൻ കീഴിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നു ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വിണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. അഞ്ച് വർഷക്കാലയളവാണ് പദ്ധതിയുടേത്. മൂന്ന് മാസത്തിനകം തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത ആരോഗ്യകേന്ദ്രങ്ങളിൽ പൈലറ്റ് പദ്ധതി നടപ്പിലാക്കുവാനും 2016 അവസാനത്തോടെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം തുടങ്ങി 7 ജില്ലകളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഇപ്പോൾ വിഭാവന ചെയ്തിട്ടുള്ളത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര വിഹിതം 86.96 കോടി രൂപയും സംസ്ഥാന വിഹിതം 9.43 കോടി രൂപയുമാണ്.

(ഡി) ഈ പദ്ധതിയിൽ 5 പേർ കോൺട്രാക്ട് അടിസ്ഥാനത്തിലും 2 പേർ ദിവസവേതനാടിസ്ഥാനത്തിലും ഇപ്പോൾ ജോലിചെയ്യുന്നു. കൂടാതെ, ആരോഗ്യ വകുപ്പിൽ നിന്ന് 6 ജീവനക്കാരെ റീ-ഡിപ്ലോയ് ചെയ്തിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly